# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 442.

29..6..2012-ൽ മറുപടിക്ക്

## പാൽ വില വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ<br>,, എ. കെ. ബാലൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മിൽമ പാലിന് എത്ര രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്; റിച്ച് പ്ലസ് പാലിന്റെ വില വീണ്ടും ഒരു രൂപ കൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതമാണ് കൂട്ടാൻ ഉദ്ദേശിക്കുന്നത്; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മിൽമ പാലിന് 5..9..2011 മുതൽ ലിറ്ററിന് 5 രൂപ വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനു ശേഷം 26..5..2012 മുതൽ റിച്ച് പ്ലസ് പാലിന്റെ വില ലിറ്ററിന് 1 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. റിച്ച് പ്ലസ് പാൽ എന്നത് മിൽമയുടെ കൊല്ലം ഡയറിയിൽ നിന്നും മാത്രം വിതരണം ചെയ്യുന്ന, പ്രധാനമായും ഹോട്ടലുകൾ, ചായക്കടകൾ എന്നിവരുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ളതാണ്. |
| (ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ പാൽ സംഭരിക്കുന്നുണ്ടോ; വിശദാംശം നല്കുമോ; | (ബി) ഉണ്ട്. ഇപ്പോൾ പ്രതിദിനം ശരാശരി 1.8 ലക്ഷം ലിറ്റർ പാൽ കർണ്ണാടകയിൽ നിന്നും 0.6 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്ടിൽ നിന്നും, 0.15 ലക്ഷം ലിറ്റർ പാൽ ആന്ധ്രാപ്രദേശിൽ നിന്നും സംഭരിക്കുന്നുണ്ട്. |
| (സി) ക്ഷീരകർഷകർക്ക് പാൽ വില വർദ്ധനയുടെ പ്രയോജനം ലഭ്യമാകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) 5..9..2011 മുതൽ ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചതിനു ശേഷം ശരാശരി ഗുണനിലവാരമുള്ള (4.1% കൊഴുപ്പും, 8.3% മറ്റ് ഖരപദാർത്ഥങ്ങളും) പാലിന് ലിറ്ററിന് 22 രൂപ 68 പൈസ കർഷകർക്ക് ലഭ്യമാകുന്നുണ്ട്. അതായത് ലിറ്ററിന് 4 |

രൂപ 20 പൈസയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ കൊഴുപ്പിന്റേയും കൊഴുപ്പിതര ഘടകങ്ങളുടേയും ശതമാനം നോക്കാതെ എല്ലാ വിലയിലും ലിറ്ററിന് 4 രൂപ 20 പൈസ കർഷകന് ഉറപ്പാക്കുന്നുണ്ട്. തൻമൂലം മിൽമയുടെ പാൽ സംഭരണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 38% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ